# മലങ്കര
# വിയോജിതൻ.

## THE MALABAR SEPARATIST.

വാല്യം 3. | 1099 വൃശ്ചികം. | ലക്കം 4.


## ശ്രീഖ്റിഷ്ടു ഭജനഗാനം.

"ഗാന്ധി സന്യാസി" എന്ന മട്ട്.

പല്ലവി

ദേവകുമാരാ!— സർവ്വ—പാപവിദൂരാ!— ജയിക്ക.

ചരണങ്ങൾ.

1. കേശം വെളുത്തവനേ! ജ്വാലാഗ്നി ലോചനനേ!
ഉച്ചക്കതിരവൻപോ—ലുജ്ജ്വലാനനനേ!— ദേവ

2. അങ്കി ധരിച്ചു മാറിൽ പൊൻകച്ച കെട്ടിയോനേ!
തങ്കവിളക്കുകൾക്കുൾ തങ്ങുന്ന ധർമ്മജനേ!— ദേവ

3. ചുട്ടുപഴുത്തൊരോട്ടിൻ തകിട്ടിൻസമമശേഷം
തട്ടിക്കളഞ്ഞ പാദത്വി—ട്ടുറ്റ സൽപദനേ!— ദേവ

4. കോടിജലധരികാ പാതത്തിനൊത്തവിധം
നീടാർന്നൊരൊച്ചയോടു കൂടും സനാതനനേ! ദേവ

5. മുറ്റും പ്രഭാവലയ മദ്ധ്യേ തിളങ്ങുമേഴ്
നക്ഷത്രമാല കൈയിൽ ചാർത്തും പ്രഭാമയനേ— ദേവ

6. വായ്ത്തല രണ്ടിനാലും ശത്രുക്കളെയരിഞ്ഞു
വീഴ്ത്തുന്ന ഖഡ്ഗമൊന്നു വായ്ക്കുള്ളിലേന്തിയോനേ— ദേവ

7. ന്യായാസനസ്ഥ! നിന്റെ കായപ്രദർശനത്താൽ
മായാവിമോഹമെല്ലാം ഭൂയോപി തീർന്നിടുമേ— ദേവ

8. എക്ലീസിയയ്ക്കു പ്രേമ—വിഗ്രഹമായവനേ
മൽക്ലേശമാകെ നീക്കി—യുദ്ധ്യാശിസ്സേകണമേ— ദേവ—

ത്തിലല്ലാ മഹാസൎപ്പത്തെ വിചാരിക്കേണ്ടതു്. ഞാൻ ലണ്ടനിലെ സ്ഫടികമന്ദിരത്തിൽ മഹാസൎപ്പത്തെ മാർബിൾകല്ലിൽ കൊത്തിയിരിക്കുന്നതു കണ്ടു. അതിനു കൊമ്പും കുളമ്പും മുള്ളുമുനപോലുള്ള വാലും കടവാതലിന്റെ ചിറകുപോലുള്ള ചിറകുകളും ഉണ്ടു്. ഇങ്ങനെയാണോ മഹാസൎപ്പം? അല്ലാ. ഇങ്ങനെയുള്ളൊരു ജന്തു ആരെയും ആകൎഷിക്കയില്ലെന്നു തീൎച്ച തന്നെ. ഇതിനെ കണ്ടതിന്നുടൻ മനുഷ്യർ ഓടിക്കൊള്ളും. വഴിയിൽ വെച്ചു വല്ലപ്പോഴും ആ ജന്തുവിനെ കണ്ടുമുട്ടുവാൻ ഇടവരുന്നതായാൽ ഞാൻ വഴിവിട്ടു പാഞ്ഞുകളയുമെന്നാണ് എനിക്കു തോന്നുന്നതു്. ഏവംവിധമായ ഒരു ജന്തു വഞ്ചിക്കുന്നതിനോ മുഖസ്തുതി പറയുന്നതിനോ ഒരുമ്പെടുകയില്ലെന്നു തീൎച്ചതന്നെ. ഇതിനാൽ, ആധുനികകാലത്തു മഹാസൎപ്പം വേഷം മാറി വെളിച്ചദൂതനായി നടക്കുന്നു. അവൻ കാലാനുസൃതമായ വിദ്യാഭ്യാസം സിദ്ധിച്ചവനും ആകൎഷണീയമായ പൌരുഷത്തോടു കൂടിയവനും ആണ്. അവന്റെ മിഷ്യൻ അഥവാ അവന്റെ ധൎമ്മോദ്ദേശം—നാം മറന്നുകളയരുതു്—നമുക്കു വെളിച്ചം അഥവാ, പരിഷ്കാരം തരുവാനായിട്ടാണ്. അവൻ ഇന്നും പ്രകാശവാഹകനും അരുണോദയപുത്രനുമായ ശുക്രൻ തന്നെ. അവന്റെ ഉൽകൃഷ്ടമായ ഉദ്ദേശം തന്റെ വെളിച്ചംകൊണ്ടു ലോകത്തെ നിറെക്കണമെന്നു തന്നെ. ക്രിസ്തുയേശു എന്ന വെളിച്ചം ഇതു ലോകാവശ്യമില്ലെന്നാണ് അവൻ സിദ്ധാന്തിക്കുന്നതു്. സയൻസ് വെളിച്ചം, ഫിലോസഫി (തത്വജ്ഞാന) വെളിച്ചം, ചരിത്രവെളിച്ചം, മതവെളിച്ചം എന്നിവ യാതൊരു ലോപവും കൂടാതെ അവൻ കോരിവാരിക്കൊടുക്കുന്നു. യൂണിവേഴ്സിററികളും (സൎവ്വകലാശാലകളും) കോളജുകളും സെമിനാരികളും മററു പാഠശാലകളും പ്രസംഗപീഠങ്ങളും ഈ വെളിച്ചത്തിന്റെ ഉറവിടങ്ങളായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവൻ വെളിച്ചമാകുന്ന ക്രിസ്തുയേശുവിനെക്കൂടാതെ സയൻസിന്റെ വെളിച്ചംകൊണ്ടോ മററു മതവെളിച്ചംകൊണ്ടോ നിന്നെ തൃപ്തിപ്പെടുത്തുവാൻ കഴിയുമെങ്കിൽ പാപത്തിന്റെ ചളു നിറഞ്ഞ വഴിയൂടെ അവൻ നിന്നെ നരകത്തിലേക്കു നിശ്ചയമായി വലിച്ചുകൊണ്ടുപോകും.

തന്റെ ശുശ്രൂഷകാർ നീതിയുള്ള ശുശ്രൂഷകാരായിരിക്കണമെന്നു മഹാസൎപ്പം ആശിക്കുന്നു. ഞാൻ അറിയുന്നിടത്തോളം സമുദായങ്ങളിൽപെട്ട പിശാചിന്റെ ഓമനക്കുഞ്ഞുങ്ങളിൽ ഓരോരുത്തരും നല്ല നീതിശാസ്ത്രപ്രസംഗികളായിട്ടാണിരിക്കുന്നതു്. അങ്ങനെയുള്ള ഒരാൾ എത്രയും പരിശുദ്ധമായ സാന്മാൎഗ്ഗികനടത്ത ജനങ്ങൾക്കാവശ്യമാണെന്നു നിൎബന്ധിക്കയും ക്രിസ്തുവിന്റെ പാപപരിഹാരരക്തത്തെക്കുറിച്ചു യാതൊന്നും പറയാതെ, നമ്മ ചെല്ലും നല്ലവരായിരുന്നു ഒരു ധാൎമ്മികജീവിതം കഴിപ്പാൻ മററുള്ളവൎക്കുപദേശിക്കയും ചെയ്യുന്നു. ഇതൊരു വെളിച്ചബഹളം തന്നെ.

ന്നു.

വെളിച്ചവും ഇരുളും തമ്മിലും ദൈവശക്തിയും പൈശാചികശക്തിയും തമ്മിലും വലുതായ പോരാട്ടം ഉണ്ടെങ്കിലും അതിലധികമായ പോർ നടക്കുന്നതു വെളിച്ചവും വെളിച്ചവും തമ്മിൽ അതായതു ദൈവവെളിച്ചവും പിശാചു കൊടുക്കുന്ന വെളിച്ചവും തമ്മിലാണ്. മരുഭൂമിയിൽ വെച്ചു സാത്താൻ ക്രിസ്തുവിനെ പരീക്ഷിപ്പാൻ തുടങ്ങിയതിന്റെ ഉദ്ദേശം അവനെ ക്രൂശിങ്കൽ നിന്ന് അകറ്റണമെന്നുള്ളതായിരുന്നു. പിശകിയ വശത്തു നിന്നുകൊണ്ട് നീതി ചെയ്യുന്നതിനല്ലാതെ മനുഷ്യദൃഷ്ടിക്കു സന്മാർഗ്ഗവിരുദ്ധമായ യാതൊന്നും ചെയ്വാൻ പിശാചു അവനെ നിർബന്ധിച്ചില്ല. ക്രിസ്തുവിന്നു വിശന്നു. വിശപ്പിൽ ദോഷമില്ലല്ലോ. മാത്രമല്ല വിശപ്പു സ്വസ്ഥലക്ഷണവുമാണ്. വിശപ്പു പരിഹരിക്കുന്നതിൽ ദോഷമുണ്ടെന്നു പറവാൻ ആർക്കു കഴിയും? അതനുസരിച്ചു സ്വന്തകല്പനാപ്രകാരം ന്യായമായ ഒരു വഴിയിൽ കൂടി ക്ഷുൽപിപാസാനിവാരണമുണ്ടാക്കുവാൻ അവൻ ആവശ്യപ്പെട്ടതേയുള്ളു. ഈ ന്യായമായ വഴി പറഞ്ഞുകൊടുത്തതിൽ പിശാചു തന്റെ ഉള്ളിൽ അടക്കിയിരുന്ന പരോക്ഷമായ തന്ത്രം, കർത്താവായ യേശുവിനെ സ്വഭാഗത്തുനിന്നു പ്രവർത്തിക്കുന്ന ഒരാളായിക്കിട്ടണമെന്ന മാത്രമായിരുന്നു. തന്റെ കാൽ ഒരു കല്ലിൽ തട്ടാതവണ്ണം തന്നെ കാത്തുകൊള്ളുമെന്നു ദൈവം ചെയ്തിരുന്ന ഒരു വാഗ്ദാനത്തെ വിശ്വസിച്ചാശ്രയിക്കുന്നതു അനീതിയായതുകൊണ്ടല്ലോ കർത്താവു അതിനെ നിഷേധിച്ചതു്. പിന്നെയൊ പരിപൂർണ്ണ ന്യായമുള്ളതെന്നു ഗണിക്കാവുന്ന ഒരു സ്വ്യഗതി താൻ ചെയ്യണമെന്ന സാത്താൻ ആവശ്യപ്പെട്ടതുകൊണ്ടത്രെ. നീതിയുള്ളവരും സത്യവാന്മാരും നിർമ്മലന്മാരും ആകർഷണീയന്മാരും വിദ്യാഭ്യാസമുള്ളവരും പരിഷ്കൃതബുദ്ധികളും ആയിരിപ്പാൻ പിശാചിനു നമ്മെ വശീകരിക്കുന്നതിനു കഴിഞ്ഞാൽ അവൻ നമ്മെ അവന്റെ ശക്തിയുള്ള യോദ്ധാക്കളാക്കിത്തീർത്തു കഴിഞ്ഞു എന്നാണ് വിചാരിക്കേണ്ടതു്. ഞാൻ വീണ്ടും പറയുന്നു, ദൈവവെളിച്ചവും സാത്താന്റെ ഭാഗത്തുനിന്നു വരുന്ന ഐഹികവെളിച്ചവും തമ്മിലാണ് വലിയ പോരാട്ടമുള്ളതു്. സത്യവെളിച്ചമാകുന്ന ക്രിസ്തുവിനെക്കൂടാതെ ഈ പ്രപഞ്ചവഴിക്കു വരുന്ന വെളിച്ചംകൊണ്ടു നമ്മെ തൃപ്തിപ്പെടുത്തുവാൻ പിശാചിനു കഴിഞ്ഞാൽ പിശാചു കൃതകൃത്യനായിത്തീരുന്നതാണ്.

## II. അന്തിക്രിസ്തു ബഹളം.

അടുത്തുള്ള വലിയ ബഹളം അന്തിക്രിസ്തുവിന്റേതാണ്. യോഹന്നാൻ അപ്പോസ്തലൻ അന്തിക്രിസ്തു എന്ന വാക്കു അഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

...ണ് അന്തിക്രിസ്തു? ക്രിസ്തു ജഡത്തിൽ വന്നിട്ടില്ലാ എ... ...ന്റെ ദൈവത്വത്തെ നി...

ഷേധിക്കുന്നവനാകുന്നു. ക്രിസ്തു ജഡത്തിൽ വന്നിട്ടുണ്ടെന്നുള്ളതിനെ സമ്മതിപ്പാൻ കഴിയാത്തവനും പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനും അന്തിക്രൈസ്തവബഹളത്തിൽ പങ്കെടുക്കുന്നവനാകുന്നു.

നീ ഒരു നാസ്തികനല്ലെന്നോ ദൈവദൂഷകനായ അവിശ്വാസിയല്ലെന്നോ ഉള്ളതുകൊണ്ടു നിനക്കു സമാധാനപ്പെടുവാൻ ഇല്ലാ. നിന്റെ ദിവ്യവീണ്ടെടുപ്പുകാരനായി നീ അവനെ ഏറ്റുപറയുന്നില്ലെങ്കിൽ നീ അന്തിക്രൈസ്തവബഹളത്തിലത്രെ.

## III. കള്ളപ്രവാചകബഹളം.

കള്ളപ്രവാചകൻ ഒരു നാട്യക്കാരനാണ്. അവൻ ദൈവത്തിന്റെ പ്രതിനിധിയെന്നപോലെ ജനസമക്ഷം നിൽക്കയും നാവുകൊണ്ടോ പേനകൊണ്ടോ വ്യാജത്തെ പറയുകയും ചെയ്യുന്നു. ലോകത്തിൽ നടക്കുന്ന ബഹളങ്ങളിൽ ചിലതു നമുക്കു നോക്കാം. ദൈവം ഒരുവൻ; മഹമ്മദ് അവന്റെ പ്രവാചകൻ എന്നു പറയുന്ന മഹമ്മദീയബഹളം ഇതാ; ഇതു കള്ളപ്രവാചകബഹളം തന്നെ. അന്തിക്രിസ്തുവിന്റെ ആത്മാവ് ഇതിൽ പ്രചുരമായുണ്ട്.

അന്തിക്രൈസ്തവമല്ലെങ്കിലും ഒരു വലിയ കള്ളപ്രവാചക (വിപ്ലവ) മതമാണ് പാപ്പാമതം.

ഞാൻ ബോസ്റ്റണിൽ സഭയുടെ ഒരു ഇടയനായിരിക്കുമ്പോൾ പൊളിസ്റ്റ് ഫാദേഴ്സ് എന്ന പേരുള്ള ഒരുകൂട്ടം റോമാപാതിരിമാർ അവിടെ വന്നു. ഇവർ റോമയിലെ ഒരു പ്രത്യേക വകുപ്പാണ്. പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിൽ നിന്നു പിഴച്ചിട്ടുള്ള ഒരുകൂട്ടം ആളുകളെക്കൊണ്ടാണ് ഇതിനെ നിർമ്മിച്ചിരിക്കുന്നത്. ഒരു പ്രൊട്ടസ്റ്റന്റുകാരൻ കത്തോലിക്കനായി തിരിയുമ്പോൾ അവനെ റോമാക്കയച്ചു പഠിപ്പിക്കുന്നു. അവിടെനിന്നു തിരികെ വന്നാലുടൻ പൊളിസ്റ്റ് ഫാദർസംഘത്തോടു ചേർന്നു മൂഡി, സാങ്കി മുതലായവരുടെ പാട്ടുകളുപയോഗിച്ചു പ്രൊട്ടസ്റ്റന്റുകാരുടെ ഇടയിൽ സഞ്ചരിച്ചു സുവിശേഷയോഗങ്ങൾ നടത്തുന്നു. ബോസ്റ്റണിൽ ഈ കൂട്ടർ അഞ്ചാഴ്ച താമസിച്ചു യോഗം വെച്ചു. ഒരു പ്രൊട്ടസ്റ്റന്റുകാരനെയെങ്കിലും തന്നോടുകൂടി കൊണ്ടുപോരാതെ യാതൊരു കത്തോലിക്കനും പള്ളിയിൽ പ്രവേശനം അനുവദിച്ചിരുന്നില്ലാ. പള്ളി ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.

ആദ്യത്തെ നാലു പ്രസംഗങ്ങൾ ഡാക്ടർ ടൊറിയോ സ്പർജനോ മൂഡിയോ പ്രസംഗിക്കുന്നതിൽ നിന്നു യാതൊരു വ്യത്യാസവുമുള്ളതല്ലായിരുന്നു. വേദത്തിലും പ്രകൃതിയിലും വെളിപ്പെടുന്നപ്രകാരമുള്ള ദൈവം എന്നായിരുന്നു ആദ്യത്തെ വിഷയം. രണ്ടാമത്തേതു ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചായിരുന്നു. നിശ്ചയമില്ലാത്ത ശബ്ദം അതിലും ഉണ്ടായിരുന്നില്ല. മൂന്നാമത്തേതു

വേദപുസ്തകത്തിന്റെ പദംപ്രതിയുള്ള നിശ്വാസ്യതയെ സ്ഥാപിച്ചായിരുന്നു. സർ റോബെർട്ട് ആൻഡേഴ്സനു പ്രസംഗിക്കാവുന്ന വിധത്തിൽ മാത്രമേ ആയിരുന്നുള്ളു അത്. അടുത്ത വിഷയം പരിഹാരകർമ്മം. ആ പ്രസംഗം ജൊനാഥാൻ എഡ്വേർഡ്സിനു പ്രസംഗിക്കാവുന്ന വിധത്തിലായിരുന്നു. ഈ യോഗങ്ങളിൽ സംബന്ധിച്ച പ്രൊട്ടസ്റ്റന്റുകാർ തങ്ങളുടെ പട്ടക്കാരുടെ അടുക്കൽ ചെന്നു പറഞ്ഞു, "ഒന്നാമവിന്നു റോമാക്കാർ ജനങ്ങളിൽ നിന്നു വേദപുസ്തകം വിരോധിക്കുന്നുവെന്നു നിങ്ങൾ ഞങ്ങളോടു പറക പതിവാണ്. ഇതാ റോമാപാതിരിമാർ നമ്മുടെ വിശ്വാസരീതിപോലെതന്നെ പ്രസംഗിക്കുന്നു. വേദപുസ്തകത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും പരിഹാരകർമ്മത്തെക്കുറിച്ചും അവർ പ്രസംഗിച്ചിരിക്കുന്നു. എന്തത്ഭുതം! ഉഗ്രനിരൂപകന്മാരായ നിങ്ങൾ എടുത്തുകളഞ്ഞ വിശ്വാസം ഇതാ അവർ തിരികെ കൊണ്ടുവന്നിരിക്കുന്നു."

മററു നാലു പ്രസംഗങ്ങൾകൂടി ഉണ്ടായി. അവയെല്ലാം കടലാസുകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അവസാനത്തെ പ്രസംഗത്തിൽ താഴെ പറയുംപ്രകാരം കണ്ടു. "ഞങ്ങൾ ദൈവത്തെക്കുറിച്ചു പറഞ്ഞതെല്ലാം സത്യമാണ്. എന്നാൽ ഭൂമിയിൽ അവന്റെ പ്രതിപുരുഷൻ ആര്? പാപ്പാതന്നെ. ഞങ്ങൾ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു പറഞ്ഞതെല്ലാം വാസ്തവമാണ്; എന്നാൽ ആരാണ് ഇവിടെ അവന്റെ പ്രതിനിധി? വേദപുസ്തകത്തിന്റെ പദംപ്രതിയുള്ള നിശ്വസ്തതയെക്കുറിച്ചു ഞങ്ങൾ പ്രസംഗിച്ചതും വാസ്തവം. എന്നാൽ വേദപുസ്തകം വ്യാഖ്യാനിക്കേണ്ടതു ആര്? സഭയുടെ അധികാരത്തിൻകീഴ മാത്രമേ വേദം വ്യാഖ്യാനിപ്പാൻ പാടുള്ളു. പരിഹാരകർമ്മത്തെക്കുറിച്ചും ഞങ്ങൾ അഭിലാഷിച്ചു. എന്നാൽ അതു നൽകപ്പെടുന്നതു എങ്ങനെ? പാപ്പായുടേയും സഭയുടേയും അധികർത്തൃത്വത്തിൽ നടത്തപ്പെടുന്ന സക്രമെന്തുകൾ വഴിയായിട്ടാണ്."

അഞ്ചു ആഴ്ച നടന്ന ഈ യോഗങ്ങളുടെ ഫലമായി ഒരു വലിയ സംഖ്യ റോമൻകത്തോലിക്കരോടു ചേർന്നപ്പോൾ, പ്രൊട്ടസ്റ്റന്റുമതത്തിൽ നിൽക്കുന്ന ഹയർക്രിട്ടിക്കുകാർ റോമയുടെ സ്വാധീനശക്തിയെ വളരെ വർദ്ധിപ്പിക്കുന്നുവെന്നുള്ളതിന്നു ഇതൊരു നല്ല ദൃഷ്ടാന്തമാണ്. പ്രൊട്ടസ്റ്റന്റുകാരായ നിങ്ങൾ വേദപുസ്തകത്തെ അവിശ്വസിക്കുന്ന കാലത്തോളം ജനങ്ങൾ റോമയെ ശരണം പ്രാപിക്കാതിരിക്കയില്ല.

ഞാൻ ലണ്ടനിൽ മെട്രോപ്പൊളിററൻ ററബെർനാക്കിളിൽ ഇരിക്കുമ്പോൾ ബുദ്ധിയുള്ള ഒരു വേലക്കാരൻ എന്റെ അടുക്കൽ വന്നു ക്ഷീണസ്വരത്തിൽ "ഞാൻ റോമൻകത്തോലിക്കസഭയോടു ചേരുവാൻ പോകയാണ്" എന്നു പറഞ്ഞു. എന്തുകൊണ്ടെന്നു ഞാൻ ചോദിച്ചതിന്നു അവൻ ഇങ്ങനെ ഉത്തരം പറഞ്ഞു. "ഞാ-

യറാഴ്ച ഉച്ച കഴിഞ്ഞു നടക്കുന്ന യോഗങ്ങളിൽ ഞാൻ സംബന്ധിച്ചുവരുന്നു. ഞങ്ങളുടെ വികാരിയച്ചൻ പറയുന്നതു് "വേദപുസ്തകമെല്ലാം" കെട്ടുകഥയാണ്. യേശു ആധുനികകാലത്തു ജീവിച്ചിരുന്നെങ്കിൽ അവൻ (യേശു) കുറെക്കൂടി ജ്ഞാനിയായിരുന്നേനേ" എന്നൊക്കെയാണ്. റോമസഭയിലുള്ളവർ ഇങ്ങനെ പറകയില്ലെന്നു ഞാൻ കേട്ടിരിക്കുന്നതുകൊണ്ടു ഞാൻ അതിലേക്കു ചേരുവാൻ പോകയാണ്."

ഇങ്ങനെ പറയാത്ത ഏതാനും ചിലരെങ്കിലും പ്രൊട്ടസ്റ്റൻറുമതത്തിലുണ്ടെന്ന് അയാൾക്കു ബോധം വരുത്തുവാൻ ഞാൻ ശ്രമിച്ചിട്ടും അതിനെ തീരെ അവഗണിക്കയാണ് അയാൾ ചെയ്തതു്. വേദപുസ്തകത്തെക്കുറിച്ചുള്ള വിശ്വാസവൈകല്യം അമേരിക്കയിൽ റോമസഭയുടെ പണിക്ക് ഒരു വലിയ അനുകൂലശക്തിയായിത്തീർന്നിരിക്കയാൽ പ്രൊട്ടസ്റ്റൻറുകാരായ നമുക്ക് ഉണർന്നു പ്രവർത്തിക്കാം.

ഹയർക്രിട്ടിസിസത്തെക്കാൾ റോമസഭയാണ് നമുക്കു സഹ്യമായിട്ടുള്ളതു്. പല്ലും കുളമ്പുംകൊണ്ടു നിറഞ്ഞിട്ടുള്ള റോമാക്രൂപത്തിന്റെ അടിയിൽ ശുദ്ധിചെയ്യപ്പെടുന്ന വേദശാസ്ത്രം കിടക്കുന്നുണ്ടു്. അതിനാൽ എന്റെ മകൻ എന്റെ അടുക്കൽ വന്ന് അവൻ റോമൻകത്തോലിക്കനോ ഹയർക്രിട്ടിക്കോ രണ്ടിൽ ആരായിത്തീരുന്നതാണ് എനിക്കു സമ്മതം എന്നു ചോദിക്കുന്നപക്ഷം അവൻ റോമൻകത്തോലിക്കനായിത്തീരുന്നതാണ് എനിക്കു കുറേക്കൂടി സഹ്യം എന്നു ഞാൻ മറുപടി പറയും.

സ്പിരിച്ച്വലിസം അഥവാ പ്രേതമതവും അന്തിക്രൈസ്തവമായ കള്ളപ്രവാചകവെഹളംതന്നെ. അവരുടെ യോഗങ്ങളിൽ ഒരുവനെങ്കിലും കർത്താവായയേശുവിനെ രക്ഷിതാവും ദൈവവുമായി ഏറ്റുപറഞ്ഞു ഞാൻ കേട്ടിട്ടില്ല.

പ്രേതമതത്തിന്റെ അംഗമായ ഒരു യുവതി മരിച്ചുപോയവരുടെ ആത്മാക്കളെ പ്രത്യക്ഷീകരിപ്പാൻ കൂടിയ പ്രേതദർശനസംഘക്കാരുടെ ഇരുട്ടുമുറിയിൽ ഉത്സാഹമതിയായി ഇരിക്കയായിരുന്നു. അപ്പോൾ സി. എച്ച്. സ്പർജ്ജന്റെ ആത്മാവു വന്നിരിക്കുന്നതായി അവരുടെ കോമരം സംഘത്തെ അറിയിച്ചു. സ്പർജ്ജൻ എന്നു കേട്ടതുകൊണ്ടു ജനങ്ങൾ ശ്രദ്ധാഭരിതരായി. മരിച്ചുപോയ സ്പർജ്ജന്റെ ആത്മാവ് ഒരു പ്രസംഗം പറയുന്നതു കേൾപ്പാൻ അവർ ചെവിയോർത്തിരുന്നു. എന്നാൽ ഉണ്ടായ ശബ്ദം ഇപ്രകാരമായിരുന്നു. "മെട്രോപ്പോളിറ്റൻ ടാബർനാക്കിളിലെ പ്രസംഗപീഠത്തിൽവെച്ചു ഞാൻ പ്രസംഗിച്ചതു പദംപ്രതി വ്യാജമായിരുന്നു. തിരികെ ജീവിച്ചുവന്നു ഞാൻ ചെയ്തുപോയ ഈ ദോഷത്തിനു പരിഹാരമുണ്ടാക്കുവാൻ എനിക്കു ഇടയാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു." ആ ചെറുപ്പക്കാരി ഇതു കേട്ട ഉടൻ വെറും കള്ള എന്നു പറഞ്ഞു് എഴുന്നേറ്റു പൊയ്ക്കളഞ്ഞു. പിന്നീട് അ

വൽ വന്നു റാബർണക്കിൾസഭയോടു ചേൎന്നു. ഞാൻ സന്തോഷ
പൂൎവ്വം അവരെ സ്ഥാനപ്പെടുത്തി. ഇങ്ങനെ പൈശാചികമതം എ
ന്നു താൻ വിളിച്ച ആ പ്രേതമതത്തിനെതിരായി ധൈൎയ്യമുള്ള
സാക്ഷിണിയായി അവൾ തീൎന്നു. (തുടരും)

—:o:—

# നമ്മുടെ ദൈവം വിശ്വസ്തൻ (തുടൎച്ച)

## ൬. വണ്ടി ൧൫ മിനിററു നില്ക്കട്ടെ.

ഒരിക്കൽ ദൈവഭക്തിയുള്ള ഒരു സ്ത്രീ തന്റെ രോഗിയായ
കുട്ടിയോടുകൂടി ഒരു ശനിയാഴ്ച വൈകുന്നേരം ഒരു സ്ഥലത്തേക്കു
തീവണ്ടികയറാൻ പുറപ്പെട്ടു. അപ്പോൾ യാത്രക്കാരെ സ്റ്റേഷനിൽ
കൊണ്ടുചെന്നാക്കുന്നവിധമുള്ള ഒരു വണ്ടി അവൾക്കു നേരെ വന്നു.
ആ സ്ത്രീ വണ്ടിക്കാരനോട് "തീവണ്ടി 15 മിനിററിനകം വന്നുചേ
രും. ആ വണ്ടിക്കു ഞാൻ പോകാതെ ഇരുന്നാൽ ഞായറാഴ്ചദിവസം
യാത്ര ചെയ്യേണ്ടി വരും; എന്നു മാത്രമല്ല, താമസിപ്പാൻ എന്റെ
കൈവശം പണവും ഇല്ല. കുട്ടി ദീനമായിരിക്കയുമാണ്. അതി
നാൽ ദയചെയ്തു വണ്ടി ഉടനെ വിടണം" എന്നു പറഞ്ഞു. അ
പ്പോൾ ആ വണ്ടിക്കാരൻ ആ സ്ത്രീയോടു "നിശ്ചിതസമയത്തല്ലാ
തെ വണ്ടി വിടുന്നതിനു സാധിക്കയില്ല. നിങ്ങൾ ദൈവവിശ്വാ
സമുള്ള ഒരു സ്ത്രീ ആണല്ലോ. തീവണ്ടി ഒരു 15 മിനിററുകൂടി
നില്ക്കുന്നതിനു നമുക്കു പ്രാൎത്ഥിക്കാം" എന്നു പറഞ്ഞുകൊണ്ട് അവ
ർ പ്രാൎത്ഥിച്ചു. ഇതിന്റെ ഫലമായിട്ടു തീവണ്ടി ഉദ്ദേശം 15 മി
നിററു താമസിക്കയും ഇവർ തക്ക സമയത്തു വണ്ടിയിൽ ചെന്നു
കയറുന്നതിന് ഇടയാകുകയും ചെയ്തു. വണ്ടിയുടെ താമസത്തിനു
ണ്ടായ കാരണം ഈ വിധമായിരുന്നു. ഡ്രൈവറുടെ മനസ്സിന്
എന്തോ ഒരു പരിഭ്രമം ഉണ്ടായി. അപ്പോൾ ഏതോ ഒരു സ്ത്രീ ദു
ത്ത സുഖമില്ലാത്ത കുട്ടിയോടുകൂടി വണ്ടി കയറുന്നതിനു വരുന്നതാ
യി അയാൾക്കു തോന്നി. ഈ വിവരം ഡ്രൈവർ 15 മിനി
ററോളം ഉണ്ടായിരുന്നു. അനന്തരം ഈ ആലസ്യം നീങ്ങി. അ
പ്പോൾ അവിടുന്നു മെല്ലെവന്ന സ്ത്രീ വന്നു വണ്ടിയിൽ കയറിയതു.
തൽക്ഷണം ഡ്രൈവറുടെ കൂട്ടുകാരൻ അദ്ദേഹത്തോട് "ഈ
സ്ത്രീക്കുവേണ്ടി തന്നെയാണ് വണ്ടി നിറുത്തപ്പെട്ടതു" എന്നു പറ
ഞ്ഞു. ഇങ്ങനെ ആ രാത്രിതന്നെ ആ സ്ത്രീ തീവണ്ടിമാൎഗ്ഗം വ
സതിയിൽ ചെന്നുചേരുകയും ചെയ്തു. വണ്ടി 15 മിനിററു നില്
ക്കട്ടെ എന്നുള്ള പ്രാൎത്ഥന ഈ വിധം ഫലിച്ചു.

## ൭. എന്നോടു കടം വാങ്ങിയതു തിരിയെ തരേണമെ.

ബവേറിയാ നാട്ടിലുള്ള ഒരു പട്ടണത്തിൽ മിഖായേൽ ഫെനി
ബർഗ്ഗ് എന്നു പേരുള്ള ഒരു ഭക്തൻ ഉണ്ടായിരുന്നു. ഇദ്ദേഹത്തി

ന്റെ അടുക്കൽ പാപ്പരായിപ്പോയ ഒരു വഴിയാത്രക്കാരൻ ചെന്നു തന്റെ വഴിച്ചിലവിനു മൂന്നു ക്രൗൺ (ഏകദേശം 12 രൂപാ) വാങ്ങിത്തരണമെന്നപേക്ഷിച്ചു. എന്നാൽ ആ ഭക്തന്റെ കൈവശം ആകെ ഇത്രയും തുക മാത്രമേ ഉണ്ടായിരുന്നുള്ളു. യേശുവിന്റെ നാമത്തിൽ ആ പണം തരണമെന്ന് ആ സാധു അപേക്ഷിച്ചതിനാൽ അദ്ദേഹം അതു മടിക്കാതെ മുഴുവൻ കൊടുത്തു. കുറെനാൾ കഴിഞ്ഞപ്പോൾ ഫ്രാങ്കിനു വലിയ ദുർഭിക്ഷമുണ്ടാകയും ഉപജീവനത്തിനു യാതൊരു വഴിയുമില്ലാതെ കഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അവൻ കർത്തൃസന്നിധിയിൽ ചെന്നു "കർത്താവേ! ഞാൻ നിനക്കു മൂന്നു ക്രൗൺ കടം തന്നില്ലയോ? ഇതുവരെയും അതു തന്നുതീർത്തില്ലല്ലോ? എനിക്കു വളരെ ബുദ്ധിമുട്ടായതിനാൽ എന്നോടു കടം വാങ്ങിയതു തിരികെ തരേണമേ" എന്നപേക്ഷിച്ചു. അതു ദിവസംതന്നെ ഒരാൾ വന്നു് ഏകദേശം 300 രൂപായുടെ ഒരു നോട്ട് അവന്റെ കയ്യിൽ കൊടുത്തിട്ട് അവനോട്, "ഇതു നിന്നെ സഹായിച്ചുകൊണ്ടിരിക്കുന്ന "കാസ്റ്റർ" എന്ന ആൾ തന്നയച്ചതാണെ"ന്നു പറഞ്ഞു. അതിനോടുകൂടി ഉണ്ടായിരുന്ന ഒരു എഴുത്തു പൊട്ടിച്ചു നോക്കിയപ്പോൾ "അവിടുന്നു ചിലവാക്കിയ പണം ഇതാ കൊടുത്തയക്കുന്നു" എന്നെഴുതിയിരുന്നു. ഈ പണം മുൻപറഞ്ഞ സാധുമനുഷ്യന്റെ അപേക്ഷാനുസരണം മേല്പടി കാസ്റ്റർ ഇദ്ദേഹത്തിനു് അയച്ചതാണ്. പൈതലിനെപ്പോലെ ഹൃദയശുദ്ധിയുള്ള ആ വൃദ്ധനായ സന്മാർഗ്ഗശുശ്രൂഷകൻ സന്തോഷത്താൽ പരിഭ്രാന്തചിത്തനായി "ഹാ! കരുണയുള്ള ദൈവമേ! നിന്റെ ഭക്തന്മാർ നിന്നോടു ചോദിക്കുന്നതിനു മുമ്പായിത്തന്നെ അവക്കു് അളവുകൂടാതെ കൊടുക്കുന്നതിനാൽ അവരെ നീ ലജ്ജിപ്പിക്കുന്നവല്ലോ" എന്നു വിളിച്ചുപറഞ്ഞു് അവനെ മഹത്വപ്പെടുത്തി.

## ൧൭. ഒടുവിൽ ഒരു റൊട്ടി മാത്രം.

ഭക്തിമതിയായ ഒരു മദാമ്മ ടിബെറ്റുദേശത്തിൽ ചെന്നു സുവിശേഷവേല ചെയ്തുകൊണ്ടിരുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല, അന്യമതക്കാർ ആരുംതന്നെയും ആ ദേശത്തു ചെല്ലുന്നതിനു് അനുവാദമില്ലായിരുന്നു. ക്രൂരന്മാരായ ആ നാട്ടുകാർ ഈ മദാമ്മയെ ഓടിച്ചുകളയുന്നതിനും പട്ടിണിയിടുന്നതിനും വിഷം കൊടുത്തുകൊല്ലുന്നതിനും വളരെ പ്രയത്നിച്ചെങ്കിലും, ആത്മാക്കളെക്കുറിച്ചുള്ള സ്നേഹംകൊണ്ടു് അവൾ അവിടെത്തന്നെ താമസിച്ചു. ഒരിക്കൽ ആഹാരം എല്ലാം തീർന്നു് ഒരു റൊട്ടി മാത്രം ഉണ്ടായിരിക്കെ 20 മൈൽ അകലെയുള്ള രോഗിയായ ഒരു മനുഷ്യനെ ചെന്നു കാണുന്നതിനു നിർബന്ധമായി ഒരാൾ ആവശ്യപ്പെട്ടു. പ്രസ്തുതമദാമ്മ ദൈവപരിപാലനത്തിൽ പരിപൂർണ്ണവിശ്വാസമുള്ള ഒരു ജീവിതക്കാരി ആയിരുന്നതിനാൽ ഒരു റൊട്ടിതന്നെ തിന്നുകൊണ്ടു 20 മൈൽ പോകുന്നതു് അസാദ്ധ്യമെങ്കിലും ദിവ്യപരിപാലനത്തിൽ

ആശ്രയിച്ചുകൊണ്ടു പുറപ്പെട്ടു. ഇങ്ങനെ തന്റെ കൈവശമുണ്ടായിരുന്ന ആ റൊട്ടി കടിച്ചതിനുകൊണ്ട് അവൾ യാത്ര ചെയ്തു. റൊട്ടി തീൎന്നുപോയി. ഇനിയും അവൾ എന്തു ചെയ്യും? ദുൎഘടമായ ആ പാതയിൽകൂടി അവൾ നടന്നുപോകുമ്പോൾ എങ്ങനെയോ വഴി നെടുകെ ബദാംകുരുക്കൾ വീണുകിടന്നിരുന്നു. അതു പെറുക്കിതിന്നുകൊണ്ട് അവൾ നടന്നു. ഈ കുരുക്കൾ അവൾക്കു മുമ്പായി പോകുന്ന ഒരാളിന്റെ ചാക്കിൽനിന്നു ചോൎന്നു വീണതായിരുന്നു. ഈ വിവരം അവനെ അറിയിക്കുന്നതിനായി ഇവൾ ഉച്ചത്തിൽ വിളിച്ചു എങ്കിലും അവൻ വളരെ ദൂരെ ആയിരുന്നതുകൊണ്ടു കേട്ടില്ല. ഒടുക്കം വിശപ്പുകൊണ്ടു തളരാതെ ബദാംകുരുക്കൾ പെറുക്കിതിന്ന് ഉദ്ദിഷ്ടസ്ഥാനത്തു ചെന്നുചേരുന്നതിന് ഇടയായി. നോക്കുവിൻ! ഒരു റൊട്ടിമാത്രം.

---

# ഗുരുവരന്റെ ഒരു പഴയ എഴുത്ത്.

(സി. ഐ. കുഞ്ഞിക്ക)

## ജൂബിലിസംബന്ധിച്ചുള്ള ഒരു ലേഖനം.

പതിനാലു വൎഷങ്ങൾക്കു മുമ്പു നടന്ന ഒരു ജൂബിലിയാഘോഷത്തിൽ എന്റെ ഗുരുനാഥൻ കെ. വി. സൈമൺ സാർ അവർകളും ഞാനും ശിഷ്യന്മാരും സംബന്ധിക്കേണ്ടതിനെപ്പറ്റി ശോചനീയരൂപമായി പൊതുവിൽ നിന്നയച്ച ഒരു കത്തിന്റെ മറുപടിയായി അദ്ദേഹം സകലത്തെ വിശ്വാസികൾക്ക് എഴുതി അയച്ച ഒരു മറുപടിപ്രസംഗം എന്റെ പഴയ ഗ്രന്ഥശേഖരത്തിൽനിന്നു യാദൃച്ഛികമായി ഈയിട കണ്ടുകിട്ടിയിരിക്കുന്നു. ഇപ്പോഴത്തെ ജൂബിലി കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ രസിക വഴിയായി ഇതു പ്രസിദ്ധീകരിക്കുന്നതു സന്ദൎഭോചിതവും സത്യവിശ്വാസികൾക്ക് ഉപയോഗവുമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ദീൎഘലേഖനത്തിന്റെ ആദ്യത്തെ രണ്ടു പേജുകൾ കാണുന്നില്ല. തന്നിമിത്തം മൂന്നാം പേജു മുതൽ മാത്രമേ ഇതിൽ ചേൎത്തിട്ടുള്ളു.

### ലേഖനം.

പേജ് 3.

ഞാൻ ജൂബിലിക്കു വരാത്ത കാരണം പറഞ്ഞുകൊള്ളുന്നു.

(1) ജൂബിലി ഒരു വൈദികസംഗതിയല്ല. അതുകൊണ്ടു വന്നേ കഴിയൂ എന്നൊരു ആത്മികനിൎബ്ബന്ധമില്ല.

(2) ബഹളമില്ലെങ്കിൽ വരാമെന്നു വിചാരിച്ചിരുന്നു. എ
ന്നാൽ നമ്മുടെ ആലോചനയുടെ ഒടുവിൽ കൊടിയും ഊരുവല
ത്തും ചെറിയ വെടിയായും ചെറുപടക്കവും അനുവദിച്ചു. വെടി
പാടില്ലെന്നു പറഞ്ഞെങ്കിലും സന്തോഷദിവസം അടുത്തപ്പോൾ
ഉപ്പും ഗന്ധകവും വാങ്ങിച്ചതു കൂടാതെ പാടില്ലെന്നു പറഞ്ഞവ
രോട്ട് ആളുകൾ എതിർത്തതായും എനിക്കു അറിവു കിട്ടി. കതിനാ
കിട്ടാഞ്ഞതുകൊണ്ടു വലിയ വെടി നടന്നില്ലെന്നു കേട്ടു. നിശ്ചി
തദിവസം ഉദ്ദേശിച്ചിരുന്നതുപോലെ ചെറുവെടിയും, ഇംഗ്ലീഷു
ഹരിയോഹര (ചിയേഴ്സ്) ഉം, മനസ്സാന്തരപ്പെടാത്തവരുടെ
അകമ്പടിയും ബഹളവുമായി പര്യവസാനിച്ചു.

(3) സാക്ഷാൽ ഭക്തന്മാർക്കു ബഹളം ചേരുന്നതല്ലെന്നു
ദൈവം കുറെ മുമ്പുതന്നെ എനിക്കു ബോധം തന്നിരുന്നു. ലോക
ക്കർ അവരുടെ സന്തോഷത്തെ കൊടികൊണ്ടും, പടക്കംകൊ
ണ്ടും, കട, പാണ്ടിവാദ്യം, വാലാക്കുഴ, ആനയെഴുന്നള്ളിപ്പ്,
ഊരുവലത്ത്, ആർപ്പ് ഇവകൊണ്ടും കാണിക്കുന്നു. ക്രിസ്തുവിനോടു
കൂടി കൂട്ടപ്പെടുന്ന അവന്റെ മണവാട്ടിയായ ദേഹാർപ്പ
ഇതിനോട്` അനുരൂപപ്പെട്ടുകൂടാ. (റോമ. 12: 1, 2) ദേഹാർപ്പ
വത്തിൽ നിന്നുണ്ടാകുന്ന ആത്മികസന്തോഷമത്രെ അവർക്കുള്ള
ത്`.

ഇപ്പോൾ വാദ്യങ്ങളോടുകൂടി സന്തോഷിച്ചു സുഖിക്കുന്ന മ
ഹാ ബാബിലോനിയുടെ ഭയങ്കരമായ ന്യായവിധിയെക്കുറിച്ചു വെ
ളി. 18-ൽനിന്നു വായിച്ചു മനസ്സിലാക്കണേ!

(4) യോഹന്നാച്ചന്റെ * മരണം മൂലം ദൈവം ഈ സ
ന്തോഷത്തെ അസന്തോഷമായി മാററി. സന്തോഷിക്കാമെന്നു വി
ചാരിച്ചിരുന്നവർ ദുഃഖിക്കുന്നതിനിടയായി. അതു ഒരു ഭയങ്ക
രമായ മരണമായിരുന്നതുകൂടാതെ ആ ദിവസം മുഴുവൻ മൃതശ
രീരം നമ്മുടെ കണ്ണിനു മുമ്പാകെ വെച്ചുകൊണ്ട് ഈ സന്തോഷ
ത്തിൽ തനിക്കു പങ്കും പ്രസാദവുമില്ലെന്നു ദൈവം നമ്മെ ഗ്രഹി
പ്പിച്ചു. വിശ്വസ്തന്മാർ എന്നു വിചാരിക്കപ്പെട്ടിരുന്ന ചില "സ
ഹോദരന്മാർകൂടിയും അന്നു ദിവസം ആ ദുഃഖഭവനത്തിലേക്കു
തിരിഞ്ഞുനോക്കിയില്ലെന്നുള്ളതു ഓർക്കുമ്പോൾ എന്റെ ഹൃദയം
പൊടിയുന്നു. പലരും അതു കൂട്ടാക്കിയില്ലെങ്കിലും ദൈവം ത
ന്റെ ആ പ്രവൃത്തിയെ സ്പഷ്ടമായി തെളിയിച്ചു. മനുഷ്യന്റെ ജ
ഡസന്തോഷത്തെ ഒന്നാകെ നശിപ്പിക്കുന്നതിനുള്ള ഒരു മഹാപ്ര
സംഗമായിരുന്നു അതു. ദൈവത്തിന്റെ ആ പ്രസംഗസ്ഥലത്തു
കേൾവിക്കാരായി വരേണ്ടവരും വന്നിട്ടും സംഗതിയെ വിവേ
ചിക്കാതെ പോയിട്ടുള്ളവരുമായ ദൈവമക്കൾക്കു ക്രിസ്തുവിന്റെ-

* ഇടവകയിൽപെട്ട ഒരാൾ അർദ്ധരാത്രി വിഷം തിന്നു മരിച്ചു.

നാളിൽ കരുണ കാണിക്കപ്പെടണമെന്നു ഞാൻ വ്യസനത്തോടു പ്രാർത്ഥിക്കുന്നു.

(5) ഈ ബഹളം ജാതികളുടെ (അവിശ്വാസികളുടെ) ഇടയിൽ സുവിശേഷവെളിച്ചം കടക്കുന്നതിന് ഒരു വലിയ തടങ്ങലാണ്. 83_ലെ അമളി ആത്മികനാമം ധരിച്ചിട്ടുള്ളതായിരുന്നു എങ്കിലും അതുകൊണ്ടു സുവിശേഷത്തിനുണ്ടായിട്ടുള്ള തടസ്സം ചില്ലറയല്ല. ഭക്തന്മാർ ശാന്തന്മാരായിരുന്നു ദൈവത്തെ പ്രാപിക്കുന്നു. അവർ ദൈവത്തിൽനിന്നു ജനിച്ചിട്ടുള്ളവരാകയാൽ ദൈവത്തെപ്പോലെ കല്മഷമില്ലാത്തവരാകുന്നു. അവർക്ക് ആനന്ദം വരുമ്പോൾ ക്രിസ്തു ആത്മാവിൽ ആനന്ദിച്ചതുപോലെ അവരും ആത്മാവിൽ ആനന്ദിക്കുന്നു. ഭക്തന്മാർ അത്യാനന്ദം വരുമ്പോൾ പടക്കം എറികയും, വെടിവെയ്ക്കുകയും, കൊടി പിടിക്കയും, ആനയെ എഴുന്നെള്ളിക്കയും, വള്ളപ്പാട്ടു പാടുകയും, ശിപായി കളിക്കയും, ഫാഴ്സ് അഭിനയിക്കയും, മത്സരിക്കയും, മറ്റു ബഹളം കൂട്ടുകയും ചെയ്യുന്നതായി ഒരു ഹിന്ദുവോ, മഹമ്മദനോ, ബൌദ്ധനോപോലും പറയുന്നതല്ല. നാം നമുക്കു മനസ്സുണ്ടെങ്കിൽ ഒഴിച്ചുകളയാവുന്ന ഈ ലഹളയിൽ പങ്കുകാരായിത്തീരുമ്പോൾ അവർ നമ്മെ പരിഭ്രമികളെന്നും അസ്ഥിരന്മാരെന്നും അന്തസ്സാരശൂന്യന്മാരെന്നും ദൈവനാമത്തിനു മഹത്വം കുറയത്തക്കവിധത്തിൽ അഭിപ്രായപ്പെടാതിരിക്കയില്ല. ഇങ്ങനെ നാം ജാതികളുടെ മുമ്പാകെ കാശിനു വിലയില്ലാത്തതും നീക്കി വെയ്ക്കാവുന്നതുമായ ഒരു തടങ്ങൽപാറയെ വെച്ചുറപ്പിക്കുന്നതെന്തിന്?

(6) സഹോദരന്മാരെന്നു നാം വിചാരിച്ചുപോരുന്ന ചിലർക്കു മനസ്സിലാകാത്തതിനു ഇതു കാരണമായിത്തീരുന്നു എന്നു ഞാൻ അനുഭവംകൊണ്ടു അറിയുന്നു.

(7) മാനസാന്തരപ്പെടാത്ത നാമക്രിസ്ത്യാനികൾക്ക് ഇതു ഒന്നുകൂടി ഉറുതി കൂട്ടിക്കൊടുക്കുന്നതിനാണെന്നു ഞാൻ വിചാരിച്ചു. അവസാനത്തിൽ അങ്ങനെതന്നെ സംഭവിക്കയും ചെയ്തു.

(8) ധർമ്മത്തെക്കുറിച്ചു പറഞ്ഞപ്പോൾ ആലോചിക്കാമെന്നു പറകയും ഉൽസവപടത്തു, കൊടി മുതലായവ ഒഴിച്ചുകൂടാത്തതാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

(9) പടക്കം വേണ്ടാ എന്നു വേണം പറയാൻ. അങ്ങനെയാണ് നമ്മുടെ തീരുമാനം. വല്ലവനും പടക്കം എറിഞ്ഞാൽ നമുക്കൊരു വിഷമവും വിരോധവും ഇല്ലാ എന്നും. അതിനെക്കുറിച്ചു പിറുപിറുപ്പ് ഉണ്ടാകരുതു എന്നും അച്ചനും മിക്കവരും, കൊച്ചുങ്ങളും വേറൊരു വിധത്തിലും തീരുമാനിച്ചു. ആലോചനക്കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു ആൾതന്നെ (കൂട്ടുകാരും ഉണ്ട്) ഏറുപടക്കത്തിനുവേണ്ടി ചിലരോടു പറഞ്ഞയച്ചതും ഒരു കുട്ടിയോടു ചട്ടം

കെട്ടിയതും കുമ്പേരക്കു ചുററും ഓടിനടന്നു കളിക്കുവാൻ ഇവിടങ്ങളിലുള്ള കുട്ടികൾക്കു കഴിവില്ലാത്തതു പരിതാപകരമാണെന്നു അഭിപ്രായപ്പെട്ടതും ഇതിന് ആശ്വാസവാക്കായി "നമുക്കു പടം വെച്ചു തൊടീക്കയോ എന്തെങ്കിലും ഒരു കളി ഏർപ്പെടുത്തുകയോ ചെയ്യാമല്ലൊ" എന്നു ഞാൻ വളരെ കാര്യമായി വിചാരിച്ചിരുന്ന ഒരു സഹോദരൻ താങ്ങിപ്പറഞ്ഞതും പ്രാത്യകളുടപ്പുകൾ തിരക്കിയതും എന്റെ മനസ്സിൽ അത്യന്തം വേദനയുണ്ടാക്കി.

(10). ഞാൻ ബ്രഹ്മചാരിയായിട്ടാണ് ബഹളം വേണ്ടായെന്നു പറയുന്നത് എന്നും മറ്റാളുകൾ എന്നെപ്പോലെ അകത്തില്ലെന്നും ഇതിന് കൂടാത്തപക്ഷം ഇനിക്കു സ്വല്പം ഒന്നു നോവുമെന്നും പറഞ്ഞതു സ്നേഹമല്ലെന്ന് ഇനിക്കു തോന്നിപ്പോയി.

(11) ആലോചനദിവസം ഉപയോഗിച്ച വാക്കുകൾകൊണ്ടു ചക്രച്ചിലവു ഭയന്നാണോ അതോ വിസ്തൃതിയെ ഓർത്താണോ ചിലതൊക്കെ വേണ്ടായെന്നു വെയ്ക്കുകയും ചിലതൊക്കെ തരക്കേടില്ലെന്നു പറകയും ചെയ്തത് എന്നു തീരുമാനിക്കുന്നതു ഇനിക്കു വളരെ പ്രയാസമായിരുന്നു.

ഇനിയും + എഴുത്തിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയുന്നു.

× × × ×

ജൂബിലിക്ക് എന്നോട് ആലോചിച്ചു എങ്കിലും എന്റെ ആലോചന നിങ്ങൾ സ്വീകരിച്ചില്ലെന്നുള്ളത് ഓർക്കേണ്ടതാണ്. ഇടവകയ്ക്കു സന്തോഷപ്രദമായി വരാത്തതിൽ കുണ്ഠിതം തോന്നണമെന്നില്ല. ആത്മീകന്മാരായ നാം മാനസാന്തരപ്പെടാത്ത മനുഷ്യരുടെ പ്രസാദത്തെ അന്വേഷിക്കുന്നതു കഠിനപാപമായാകെ വിചാരിക്കപ്പെടത്തക്ക ഒരു തെററാണ്. നിവൃത്തിയുള്ള സംഗതികളിൽ നമുക്ക് അവരുടെ പ്രസാദം ആവശ്യപ്പെടാം. എന്നാൽ ദൈവഭക്തിക്കുചിതമല്ലാത്ത മേളാങ്കങ്ങളിൽ നാം അവരോടു കൂടായ്കനിമിത്തം അവർ നമ്മെ താന്തോന്നികളെന്നു വിളിക്കയൊ അടിക്കയൊ കൊല്ലുകയൊ ചെയ്താലും അതു സന്തോഷത്തോടുകൂടി സഹിക്കേണ്ടതാണ്. (1 പത്രൊ. 4: 4) ആത്മാവിൽനിന്നു ജനിച്ചവൻ മേളാങ്കങ്ങൾക്കു നമ്മെ ക്ഷണിക്കയില്ലല്ലൊ.

ജൂബിലിസന്തോഷം ലൌകികസന്തോഷമൊ, ആത്മീകസന്തോഷമോ? ലൌകികസന്തോഷമാണെങ്കിൽ ഞങ്ങൾ വന്നില്ലെങ്കിൽ കുണ്ഠിതപ്പെടാനൊന്നുമില്ലല്ലൊ. കാരണം ലൌകികസന്തോഷം നിസ്സാരവും അനിത്യവും തൃണപ്രായവുമാണല്ലൊ.

+ ജൂബിലിക്കു ചേരാതെയുള്ളവരെ ഗുരുവരന്റെ പേർക്ക് മേലുകരപ്പറമ്പിൽ പൊള്ളുവിൽനിന്ന് അയച്ച കത്താണ്. (സി. കെ. കെ)

# വിയോജിതൻ

ആത്മികസന്തോഷമാണെങ്കിൽ ആത്മികസന്തോഷത്തിനു വെടിയും, കുടയും, കൊടിയും, ആനയെഴുന്നെള്ളിപ്പും മറ്റുമെന്തിനു്?

ഈമാതിരി മേളാങ്കത്തിൽ ഉൾപ്പെട്ടിട്ടുള്ള നമ്മുടെ ആത്മികനിലയല്ലൊ കേടായിട്ടുള്ളതാണെന്നു ഞാൻ മുകളിൽ തെളിയിച്ചല്ലൊ.

ഈമാതിരി മേളാങ്കങ്ങൾ നിലച്ചു കേടു വരുത്തുമെന്നു കണ്ടിട്ടാണല്ലൊ മഹാ സന്തോഷകരമായ ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിൽപോലും സുറിയാനിക്കാരായ (?) നാം മുമ്പു വെടിവെച്ചുവന്നതും, പാണ്ടിമേളവും, തൊണ്ടിമേൽ ഭണ്ഡാരിപ്പു മുതലായവ നടത്തിവന്നതും (മാർത്തോമ്മാ നവീകരണസമുദായം ഉണ്ടായ കാലം മുതൽ) നിറുത്തലാക്കിയതു് ഇപ്പോഴും നാം യാക്കോബായക്കാരെ ശങ്കകൂടാതെ ഈ കാര്യങ്ങൾക്കായി പരിഹസിക്കുന്നു എന്നുള്ളതു മറന്നുകളയത്തക്കതാണ്.

എനിക്കു നിങ്ങളോടു സ്നേഹക്കുറവുണ്ടെന്നു വിചാരിക്കുന്നെങ്കിൽ അതു സങ്കടമാണ്. ഞാൻ സ്നേഹക്കുറവായി പറഞ്ഞ ഒരു വാക്കു പറയുവിൻ. നിങ്ങളോട് (ആത്മികന്മാരോട്) ഉള്ള സ്നേഹം ഒന്നുകൊണ്ടു മാത്രമാണല്ലൊ നിവൃത്തിയുള്ള സംഗതികളിലൊക്കെയും നിങ്ങളെ ഞാൻ പിന്തുടർന്നതു്. ഇപ്പോഴും എനിക്കതിനു മടിയുമില്ല. നിങ്ങൾ പറയുന്ന ഏതു നല്ലതും കേൾപ്പാൻ ഞാൻ തയാറുണ്ട്. ആത്മീയന്മാരായ നിങ്ങൾക്കു ഈ ലൗകികസംഗതിയിൽ സഹോദരന്മാരായ ഞങ്ങൾ ഉൾപ്പെടാഞ്ഞതുകൊണ്ടു വിരോധം വരുമെന്നു് എനിക്കു തോന്നുന്നില്ല. ക്രിസ്തുവിനു് ഈ കാര്യത്തിൽ ഞങ്ങളോടു വിരോധമുണ്ടെങ്കിൽ മാത്രമെ ക്രിസ്തുവിന്റെ ദാസന്മാരായ നിങ്ങൾക്കും വിരോധമുണ്ടാകയുള്ളു. ക്രിസ്തു ഞങ്ങളെ ഇതിനുവേണ്ടി ശാസിക്കുമോ? ഞങ്ങളെ എതിർകക്ഷികളെന്നും മേളാങ്കത്തിൽ ശ്രദ്ധിക്കുന്നതുകൊണ്ടു കൊച്ചുണ്ണി പറഞ്ഞതുപോലെ "അഴിച്ചുവിട്ടു വളർത്തുകയാലാ"ണെന്നും പറയുമോ?

എന്നിലല്ലെങ്കിൽ സ്നേഹക്കുറവു പിണഞ്ഞിടത്താണെന്നു ഒന്നു നോക്കട്ടെ. നിങ്ങളുടെ എളിയ സഹോദരനായ എന്റെ നിമിത്തം ബഹളം ശ്രുതി പടക്കവും കൊടിയും മറ്റും ഉപയോഗിക്കാൻ നിങ്ങൾക്കു മനസ്സില്ലായിരുന്നല്ലൊ. നിങ്ങൾ അക്കാര്യത്തിൽ ഇടവകയിലെ ഒരു പ്രധാനപങ്കായ മാനസാന്തരപ്പെടാത്തവരെ ഭയപ്പെട്ട് അവരുടെ ഇഷ്ടത്തിനു കീഴ്പ്പെട്ടല്ലൊ. എന്നോടു തികഞ്ഞ സ്നേഹം നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ നിങ്ങളുടെ ആ ഭയം പുറത്താക്കപ്പെട്ടേനെ എന്നാണ് എനിക്കു തോന്നുന്നതു്. 1 യോഹ. 4: 18. അതുകൊണ്ട് എന്നോടുള്ള സ്നേഹക്കുറവുകാരാണെന്നല്ലേ ഞാൻ വിചാരിക്കേണ്ടതു്.

ഞാൻ വന്നില്ലെങ്കിലും * കുട്ടികൾ വന്നാൽ മതിയായിരുന്നു എന്നു പറഞ്ഞതു് എന്തുകൊണ്ടാണ്? ഇനിക്കുൾപ്പെട്ടുകൂടാത്ത സംഗതികൾക്കു കുട്ടികൾ ഉൾപ്പെടണമെന്നു നിങ്ങൾ നിർബന്ധിക്കുന്നതു ശരിയോ? അങ്ങനെയാണെങ്കിൽ നിങ്ങൾക്കു് എന്നെക്കുറിച്ച് ഒരു ആത്മികനാണെന്നു വിശ്വാസമില്ലല്ലോ. അല്ലെങ്കിൽ എന്നോടുള്ളതിനേക്കാൾ അധികം സ്നേഹം നിങ്ങൾക്കു കുട്ടികളോടുണ്ടെന്നു വരുന്നല്ലോ. അതെന്തിനു? ഞാൻ തെററിയതുകൊണ്ടു് അവർ തെററണമെന്നോ? അങ്ങനെയെങ്കിൽ ഞാൻ തെററില്ലായതു് ഈ സംഗതിയിൽ എന്നു കാണിച്ചുതരുവിൻ.

മെല്ലറത്തെ ആഘോഷം ഒരു ഭക്തനു് ഉൾപ്പെടുവാൻ പാടില്ലാത്ത ഒരു മേളമായിരിക്കെ അതിൽ കുട്ടികളെ ഞാൻ "ശരിയായി" അയച്ചതു് എങ്ങനെ? ഞാൻ അവരുടെ ആത്മാക്കളെ സ്നേഹിക്കുന്നിടത്തോളം അതു് എനിക്കു ചെയ്യരുതാത്തതാണ്; എന്നാൽ ഞാൻ അവരെ വിരോധിച്ചില്ല. അക്കാര്യത്തിൽ ഞാൻ തെററിപ്പോയി എന്നു സമ്മതിക്കുന്നു. മേലാൽ ഈവക മേളങ്ങൾക്കു പങ്കാളികളായി തീരാതിരിപ്പാൻ ഞാൻ അവരെ തടുത്തുകൊള്ളാം.

നിങ്ങളായിരുന്നാലും ഞാനായിരുന്നാലും നമ്മുടെ കുട്ടികളെ ദൈവത്തിനിഷ്ടമല്ലാത്ത സംഗതികളിൽ പ്രവേശിപ്പാൻ നിർബന്ധിക്കുന്നതു വളരെ വ്യസനകരമായ സംഗതിയാകുന്നു. ഈ ലോകവും അതിൻെറ മോഹവും ഒഴിഞ്ഞുപോകുന്നു എന്നു നാം സത്യമായി അറിയുന്നു. മനുഷ്യൻെറ ആയുസ്സ് എത്രമാത്രം ചുരുക്കം. കുട്ടികളുടെ ലൌകികസുഖത്തിനു വേണ്ടി നാം ശ്രമിക്ക മാത്രം ചെയ്താൽ അവരുടെ ആത്മാക്കൾ നരകാഗ്നിയിൽ വെന്തെരിയുന്നതിനായിട്ടു നാം അവരെ പാതാളത്തിലേക്കു തള്ളുകയാകുന്നു. നിങ്ങളുടെ കുട്ടികൾ സുഖിച്ചു തടിച്ചു കൂടിയാൽ ഒരെൺപതു വർഷം ജീവിച്ചിരുന്നു നശിച്ചു് ഒടുവിൽ പൊടിമണ്ണായി തീർന്നുപോകണമെന്നു നിങ്ങൾ വിചാരിക്കുന്നോ? അതോ, അവർ ഇവിടെ തിരുവചനപ്രകാരം ഭക്തന്മാരായി ജീവിച്ചു അനേകകഷ്ടസങ്കടങ്ങളിൽ കൂടി ദൈവരാജ്യത്തിലേക്കു പ്രവേശിച്ചു നിത്യജീവികളായി വാഴണമെന്നു വാസ്തവമായി നിങ്ങൾ ആശിക്കുന്നോ? ഈ രണ്ടിലൊന്നിനെ തിരുവചനത്തോടൊത്തു നിങ്ങൾ ആലോചിച്ചു തീർച്ചപ്പെടുത്തണമെന്നു താഴ്മയോടെ അപേക്ഷിക്കുന്നു.

“രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ചു മററവനെ സ്നേഹിക്കും; അ

* ഗുരുവരൻെറ പ്രധാനശിഷ്യന്മാരെ ഉദ്ദേശിച്ചാണു് കുട്ടികൾ എന്നു പറയുന്നതു്. (സി. ഐ. കെ)

ഞാൻ വന്നില്ലെങ്കിലും * കുട്ടികൾ വന്നാൽ മതിയായിരുന്നു എന്നു പറഞ്ഞതു് എന്തുകൊണ്ടാണ്? ഇനിക്കുൾപ്പെട്ടുകൂടാത്ത സംഗതികൾക്കു കുട്ടികൾ ഉൾപ്പെടണമെന്നു നിങ്ങൾ നിർബന്ധിക്കുന്നതു ശരിയോ? അങ്ങനെയാണെങ്കിൽ നിങ്ങൾക്കു് എന്നെക്കുറിച്ച് ഒരു ആത്മികനാണെന്നു വിശ്വാസമില്ലല്ലോ. അല്ലെങ്കിൽ എന്നോടുള്ളതിനേക്കാൾ അധികം സ്നേഹം നിങ്ങൾക്കു കുട്ടികളോടുണ്ടെന്നു വരുന്നല്ലോ. അതെന്തിനു? ഞാൻ തെറ്റിയതുകൊണ്ട് അവർ തെറ്റാത്തതെന്നോ? അങ്ങനെയെങ്കിൽ ഞാൻ തെറ്റിപ്പോയതു് ഏതു സംഗതിയിൽ എന്നു കാണിച്ചുതരുവിൻ.

മെല്ലൂരത്തെ ആഘോഷം ഒരു ഭക്തന് ഉൾപ്പെടുവാൻ പാടില്ലാത്ത ഒരു മേളമായിരിക്കെ അതിൽ കുട്ടികളെ ഞാൻ “ശരിയായി” അയക്കുന്നതു് എങ്ങനെ? ഞാൻ അവരുടെ ആത്മാക്കളെ സ്നേഹിക്കുന്നിടത്തോളം അതു് എനിക്കു ചെയ്യരുതാത്തതാണ്; എന്നാൽ ഞാൻ അവരെ വിരോധിച്ചില്ല. ആ കാര്യത്തിൽ ഞാൻ തെറ്റിപ്പോയി എന്നു സമ്മതിക്കുന്നു. മേലാൽ ഈവക മേളങ്ങൾക്കു പങ്കാളികളായി തീരാതിരിപ്പാൻ ഞാൻ അവരെ തടുത്തുകൊള്ളാം.

നിങ്ങളായിരുന്നാലും ഞാനായിരുന്നാലും നമ്മുടെ കുട്ടികളെ ദൈവത്തിനിഷ്ടമില്ലാത്ത സംഗതികളിൽ പ്രവേശിക്കാൻ നിർബന്ധിക്കുന്നതു വളരെ വ്യസനകരമായ സംഗതിയാകുന്നു. ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു എന്നു നാം സത്യമായി അറിയുന്നു. മനുഷ്യന്റെ ആയുസ്സ് എത്രമാത്രം ചുരുക്കം. കുട്ടികളുടെ ലൌകികസുഖത്തിനു വേണ്ടി നാം ശ്രമിക്ക മാത്രം ചെയ്താൽ അവരുടെ ആത്മാക്കൾ നരകാഗ്നിയിൽ വെന്തെരിയുന്നതിനായിട്ടു നാം അവരെ പാതാളത്തിലേക്കു തള്ളുകയാകുന്നു. നിങ്ങളുടെ കുട്ടികൾ സുഖിച്ചു തടിച്ചു കൂടിയാൽ ഒരെൺപതു വർഷം കൂടെ ജീവിച്ചിരുന്നു നശിച്ച് ഒടുവിൽ പൊടിമണ്ണായി തീർ പോകണമെന്നു നിങ്ങൾ വിചാരിക്കുന്നോ? അതോ, അവർ ഇവിടെ തിരുവചനപ്രകാരം ഭക്തന്മാരായി ജീവിച്ച് അനേകകഷ്ടസങ്കടങ്ങളിൽ കൂടി ദൈവരാജ്യത്തിലേക്കു പ്രവേശിച്ചു നിത്യജീവികളായി വാഴണമെന്നു വാസ്തവമായി നിങ്ങൾ ആശിക്കുന്നോ? ഈ രണ്ടിലൊന്നിനെ തിരുവചനത്തോടൊത്തു നിങ്ങൾ ആലോചിച്ചു തീർച്ചപ്പെടുത്തണമെന്നു താഴ്മയോടെ അപേക്ഷിക്കുന്നു.

“രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അ

* ഗുരുവരന്റെ പ്രധാനശിഷ്യന്മാരെ ഉദ്ദേശിച്ചാണു് കുട്ടികൾ എന്നു പറയുന്നതു്.
(സി. ഏ. കെ)

ല്ലെങ്കിൽ ഒരുത്തനോടു പററിച്ചേൎന്നു മററവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല."
മത്താ. 6: 24.

എന്നു,

ക്രിസ്തുവിൽ നിങ്ങളുടെ എളിയ സഹോദരൻ,
K. V. Simon.

ജനങ്ങൾ ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുന്നേററു.
1 കൊരി. 10: 7.

ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ഉചിതമല്ലാത്തവ ഒന്നുമരുതു്.
എഫെ. 5: 4.

---

# മറുഭാഷാവരം.

പെന്തിക്കോസ്തുമിഷ്യന്റെ യോഗങ്ങൾ നിമിത്തം മറുഭാഷയെ സംബന്ധിച്ചുള്ള അന്വേഷണം പലേടത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുതവിഷയത്തെക്കുറിച്ചു രണ്ടു നാലു വാക്കുകൾ പറയുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. മറുഭാഷ എന്നുള്ളതു മററുള്ളവൎക്കു മനസ്സിലാകാൻ കഴിയാത്ത ഒരുമാതിരി ശബ്ദമാണെന്നാണു് ചിലർ തെററിദ്ധരിച്ചിരിക്കുന്നതു്. ഈ ധാരണെക്കു പുതിയനിയമത്തിൽ യാതൊരു തെളിവുമില്ല. മറുഭാഷ ലഭിച്ചതായി ആദ്യം കാണുന്നതു പെന്തിക്കൊസ്തദിവസത്തിലെ കാത്തിരിപ്പുകാരായ നൂററിരുപതു് ആളുകൾക്കാണു്, അവരെല്ലാവരും മറുഭാഷയിൽ സംസാരിച്ചതായി പുസ്തകത്തിൽ കാണുന്നു. ഈ മറുഭാഷാസംസാരം പ്രസ്തുതസ്ഥലത്തു കൂടിവന്നിരുന്ന പതിനഞ്ചു നാട്ടുകാൎക്കും മനസ്സിലായതായിട്ടാണു് പറഞ്ഞിരിക്കുന്നതു്. സംശയക്കാർ താഴെ വരുന്ന വാക്യങ്ങൾ ശ്രദ്ധയോടുകൂടി വായിക്കട്ടെ. "അന്നു ആകാശത്തിൻകീഴുള്ള സകലജാതികളിൽനിന്നും യരുശലേമിൽ വന്നുപാൎക്കുന്ന യഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നുപോയി. എല്ലാവരും ഭ്രമിച്ചു ആശ്ചൎയ്യപ്പെട്ടു ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചുകേൾക്കുന്നതു് എങ്ങനെ? പൎത്ഥരും, മേദ്യരും, ഏലാമ്യരും, മെസപ്പൊത്താമ്യയിലും, യഹൂദ്യയിലും, കപ്പദോക്യയിലും, പൊന്തൊസിലും, ആസ്യയിലും പ്രുഗ്യയിലും, പംഫുല്യയിലു, മിസ്രയീമിലും, കുറേനെക്കു ചേൎന്ന ലിബ്യപ്ര

ദേശങ്ങളിലും പാൎക്കുന്നവരും യെഹൂദമതാനുസാരികളും, ക്രേത്യരും, അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാൎയ്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ എന്നു പറഞ്ഞ് എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു. ഇതു് എന്തായിരിക്കും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. ഇവർ പുതുവീഞ്ഞു കുടിച്ചിരിക്കുന്നു എന്നു മറ്റു ചിലർ പരിഹസിച്ചു പറഞ്ഞു." പ്രവൃ. 2: 5-13.

ഈ വാക്യങ്ങളുടെ അടിയിൽ വരയിട്ടിരിക്കുന്ന ഭാഗങ്ങൾ ശ്രദ്ധയോടു വായിച്ചാൽ ശ്രോതാക്കളിൽ ഓരോരുത്തരും സംസാരിച്ചുവന്ന ഭാഷകളിൽ ശിഷ്യന്മാർ സംസാരിച്ചതായി വെളിപ്പെടും. ഇങ്ങനെ കേൾവിക്കാർ തിരിച്ചറിയാകുന്ന വിധത്തിൽ സംസാരിച്ചതുകൊണ്ടാണ് അവൎക്ക് അത്ഭുതമുണ്ടായതു്. അല്ലെങ്കിൽ ഇതു പരിശുദ്ധാത്മാഭിഷേകമാണെന്ന് ആ ശിഷ്ടമാനുഷർ വിശ്വസിക്കയില്ലായിരുന്നു. ഭാഷകൾ അവിശ്വാസികൾക്കു് അടയാളത്തിനായിട്ടാണ് കൊടുക്കപ്പെട്ടതു് എന്നു കൊരിന്ത്യലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. (1 കൊരി. 14: 22) അവിശ്വാസികൾക്കു് അടയാളമായി ഭവിക്കണമെങ്കിൽ മറുഭാഷ വിസ്മയോദ്ദീപകമായിരിക്കണം. മറുഭാഷക്കാർ തങ്ങൾ പഠിച്ചിട്ടില്ലാത്തതും ശ്രോതാക്കൾക്കു സ്വന്തമായ ഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമേ വിസ്മയം ഉണ്ടാകുവാൻ ഇടയുള്ളു. അല്ലാതെ ഇപ്പോൾ പെന്തിക്കോസ്തുമിഷ്യൻ ചെയ്യുന്നതുപോലെ ഏതാനും അപശബ്ദങ്ങൾ പുറപ്പെടുവിച്ചാൽ അതു് അടയാളമായിത്തീരുകയോ കേൾവിക്കാർ അത്ഭുതപ്പെടുകയോ ചെയ്യുകയില്ല.

മറുഭാഷ പറഞ്ഞാൽ മറ്റുള്ളവൎക്കു മനസ്സിലാകണമെങ്കിൽ വ്യാഖ്യാനി വേണമെന്നു കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നതു് എന്തുകൊണ്ടാണെന്നു വല്ലവരും ചോദിച്ചേക്കും. ഇതിനു മറുപടിയുണ്ടു്. വ്യാഖ്യാനി ആവശ്യമെന്നു പറയുന്നതു കൊരിന്തിലെ മറുഭാഷക്കാർ ഏതൊരു ഭാഷയിൽ സംസാരിച്ചുവോ ആ ഭാഷ അറിയാകുന്ന ആളുകൾ കൊരിന്ത്യസഭായോഗത്തിൽ ഇല്ലാതെ ഇരുന്നതുകൊണ്ടാണ്. അല്ലാതെ ആ ഭാഷ ലോകത്തിൽ നടപ്പില്ലാത്ത ഭാഷ ആയിരുന്നതുകൊണ്ടല്ല. കൊരിന്ത്യസഭ ഒരു സ്ഥലസഭയായിരുന്നതുകൊണ്ടു സ്ഥലനിവാസികൾ മാത്രമേ അവിടെ കൂടിവരാൻ ഇടയുള്ളു. ഒരു സ്ഥലത്തു സാധാരണ ഒരു ഭാഷയായിരിക്കുമല്ലോ സംസാരിച്ചുവരുന്നതു്. ആ കാരണത്താൽ അവിടെ മറുഭാഷ സംസാരിക്കുന്നതു നിഷ്പ്രയോജനമാണെന്നു് ഊഹിച്ചറിയാം. ഇതിനാലത്രെ ഭാഷകൾ തിരിച്ചു കേൾപ്പിക്കുവാൻ വ്യാഖ്യാനിയില്ലെങ്കിൽ മറുഭാഷക്കാരൻ മിണ്ടാതെ ഇരിക്കുന്നതു് ഉത്തമമെന്നു പറയുന്നതു്. പല ഭാഷക്കാർ കൂടിയിരുന്ന പെന്തിക്കോസ്തിൽ വ്യാഖ്യാനി ആവശ്യമില്ലായിരുന്നതും ഇതിനോടു കൂടി ഓൎക്കേണ്ടതാണ്. നാട്ടുഭാഷ മാത്രം അറിയാകുന്നവർ കൂടിയിരിക്കെ അന്യഭാഷയിൽ

പറഞ്ഞാൽ പറയുന്നവനും ദൈവവും മാത്രം അറിയുന്നതുകൊണ്ടത്രേ "അവൻ മനുഷ്യരോടല്ല, ദൈവത്തോടത്രേ സംസാരിക്കുന്നു. ആരും തിരിച്ചറിയുന്നില്ല" എന്നാണ് പൌൽ പറയുന്നത്. (1 കൊറി. 14: 2)

വ്യാഖ്യാനം എന്നതിനു തർജ്ജമയെന്നും വ്യാഖ്യാനവരം എന്നതിനു തർജ്ജമയ്ക്കുള്ള പ്രാപ്തിയെന്നും അർത്ഥം ധരിക്കേണ്ടതാണ്. തർജ്ജമയ്ക്ക് ആവശ്യമുള്ള ഭാഷ ലോകത്തിൽ നടപ്പില്ലാത്ത ഭാഷ എന്നു വരികയില്ല. മറുഭാഷ തിരിച്ചറിവാൻ കൊരിന്ത്യർക്കു കഴിയാഞ്ഞതിന്റെ കാരണം നാട്ടുഭാഷ അറിയാവുന്നവർ മാത്രം അവിടെ കൂടിവന്നതുകൊണ്ടു മാത്രമാണെന്നു വായനക്കാരനു് ഇപ്പോൾ നിസ്തർക്കമായി തെളിഞ്ഞുവല്ലോ. ഈ തത്വം ധരിച്ചുകൊണ്ടുവേണം പ്രസ്തുത അദ്ധ്യായം വായിച്ചു മനസ്സിലാക്കുവാൻ.

വേദവചനം കൊണ്ടു മാത്രമല്ല, വിശുദ്ധലിഖിതങ്ങളെത്തുടർന്നു വന്നിട്ടുള്ള പിതാക്കന്മാരുടെ എഴുത്തുകൾ കൊണ്ടും സംസാരിക്കുന്നവർ പഠിച്ചിട്ടില്ലാത്തതും എന്നാൽ ലോകത്തിൽ നടപ്പുള്ളതും തൽഭാഷ പരിചയിച്ചിട്ടുള്ളവർ കേട്ടാൽ ഗ്രഹിക്കുന്നതുമായ ഭാഷയാണ് മറുഭാഷ എന്നു തെളിയുന്നുണ്ട്. ഈയിടെ മലയാളത്തിൽ അടിച്ചിട്ടുള്ള പെന്തിക്കോസ്തുകാരുടെ വക "പരിശുദ്ധാത്മസ്നാനം" നോക്കിയാൽ ഇതിനെ ഉറപ്പിക്കുന്ന ഒരു സാക്ഷ്യം അവിടെത്തന്നെ വായനക്കാർ കാണും.

അപ്പോസ്തലകാലത്തെപ്പോലെ മറുഭാഷാവരം കിട്ടിയാൽ നല്ലതല്ലേ? എന്നു ചിലർ ചോദിക്കുന്നുണ്ട്. ഇതിനു ഞങ്ങളുടെ മറുപടി ഇങ്ങനെയാണ്. മറുഭാഷാവരം കിട്ടിയാൽ നല്ലതാണ്. ഇങ്ങനെയുള്ളവർക്ക് അന്യഭാഷ നടപ്പുള്ള ഇതരരാജ്യങ്ങളിൽ ചെന്നു മുൻഷിയുടെയോ തർജ്ജമക്കാരന്റെയോ സഹായം കൂടാതെ പ്രസംഗിപ്പാൻ കഴിയും. പക്ഷേ ഷക്ക സാധുവിനും മററും ലഭിച്ചിരിക്കുന്നതു ഈ മറുഭാഷയല്ല. നേരെമറിച്ച് അർത്ഥശൂന്യമായ ഒരുമാതിരി അപശബ്ദമാണ്.

ഇപ്പോൾ നടക്കുന്ന മറുഭാഷാബഹളത്തിൽ സംശയഗ്രസ്തരായിട്ടുള്ളവർ തങ്ങളുടെ സംശയങ്ങൾ ഞങ്ങളെ ധരിപ്പിക്കയും ആവശ്യമുള്ള ചോദ്യങ്ങൾ ചോദിച്ചു ഞങ്ങളുടെ മറുപടി വാങ്ങുകയും ചെയ്യണമെന്നപേക്ഷ.

---

ദൈവത്തെക്കുറിച്ചു മനുഷ്യരോടു സംസാരിക്കുന്നതു പ്രധാനം തന്നെ. എന്നാൽ അതിനെക്കാൾ പ്രധാനം മനുഷ്യരെക്കുറിച്ചു ദൈവത്തോടു സംസാരിക്കുന്നതാണ്.

* * *

നമ്മുടെ ശുദ്ധീകരണത്തിനുള്ള പരിശോധനാഗ്നി ആത്മീയപദവിയിൽ നമുക്കു പ്രൊമോഷൻ നൽകുന്നു.

# സകലവും നന്മയ്ക്കായി വ്യാപരിക്കുന്നു.

(ഒരു ചെറുകഥ)

അക്കീബാ എന്നു പേരുള്ള ഒരു യഹൂദറബ്ബി സ്വദേശത്തു നടന്ന കഠിനപീഡയാൽ നാടു വിട്ടു കാടുകളിലും മണലാരണ്യങ്ങളിലും വളരെനാൾ അലയേണ്ടിവന്നു. തനിക്കു യാത്രയിലുണ്ടായിരുന്ന മുഴുസ്വത്തു, രാത്രി വേദവായനയ്ക്കുപയോഗപ്പെടുത്തിവന്ന ഒരു വിളക്കും, വെളുപ്പാൻകാലത്തു തന്നെ കൂവി ഉണർത്തുന്ന ഒരു പൂവൻകോഴിയും, തന്റെ സവാരിക്കുള്ള കഴുതയും മാത്രമായിരുന്നു. ഒരു ദിവസം നേരം വൈകിയപ്പോൾ തനിക്കു രാത്രി താമസിക്കാൻ സ്ഥലം അന്വേഷിച്ചുകൊണ്ടു ഒരു ഗ്രാമത്തിൽ ഇദ്ദേഹം ചെന്നുചേർന്നു. അവിടെ മനുഷ്യരെ കണ്ടപ്പോൾ വിശപ്പുകൊണ്ടും വഴിയാത്രകൊണ്ടും തളർന്നു പരവശനായ തനിക്കു അവർ വേണ്ട സഹായങ്ങൾ ചെയ്യുമെന്നു അവൻ ആശിച്ചു. എങ്കിലും അവന്റെ വിചാരം തീരെ വിഫലമായിത്തീർന്നു. രാത്രി ഒന്നു കിടപ്പാൻ എങ്കിലും സ്ഥലം ആ ഗ്രാമത്തിലെ ദയയില്ലാത്ത ജനങ്ങൾ അവനു കൊടുത്തില്ല. അപ്പോൾ സങ്കടപ്പെട്ടു കാററിന്റെയും മഴയുടെയും ഉപദ്രവത്തിൽനിന്നു രക്ഷപ്പെടുന്നതിനു ഒരു വീടു കിട്ടുവാൻ എനിക്കു ഇടയായില്ലെങ്കിലും ദൈവേഷ്ടംപോലെ ആകട്ടെ; ദൈവം നീതിയുള്ളവൻ; നന്മയായിട്ടു മാത്രമെ അവൻ ചെയ്യുകയുള്ളു എന്നു പറഞ്ഞു ആ ഗ്രാമത്തിനടുത്തുള്ള ഒരു കാട്ടിൽ പോയി രാപാർത്തു. ഒരു മരത്തിന്റെ ചുവട്ടിൽ വിളക്കു കത്തിച്ചുവച്ചു അവൻ വേദം വായിക്കാൻ തുടങ്ങി. ഉടനെ ഇതാ ഒരു കാററു. ആ കാററടിച്ചു വിളക്കു കെട്ടുപോയി. അപ്പോൾ അവൻ ഹാ, ഇതെന്തു കഷ്ടം! എന്റെ പതിവായുള്ള വേദവായനയും മുടങ്ങിയല്ലോ. എങ്കിലും ദൈവം നീതിമാൻ എന്നു സമാധാനിച്ചു ഉറങ്ങുവാൻ തുടങ്ങിയപ്പോൾ കോഴിയെ ചെന്നായ് പിടിക്കുന്ന ശബ്ദവും കേട്ടു 'അയ്യോ, ഇതെന്തൊരാപത്തു. എന്നെക്കാൾ മുമ്പെ ഉണരുന്ന എന്റെ സഖിയും പൊയ്പ്പോയല്ലോ. വേദവായനയ്ക്കു എന്നെ തക്കസമയത്തു ഇനി ആരുണർത്തും? എന്നാലും ദൈവം നീതിയുള്ളവൻ. എനിക്കധികം നന്മയായിട്ടുള്ളതു ഏതാണെന്നു അവിടുത്തേക്കറിയാം' എന്നു വ്യാകുലത്തോടുച്ചരിച്ചുകൊണ്ടു കിടന്നു. ഇതു പറഞ്ഞു തീരുംമുമ്പെ ഇതാ ഒരു ഗർജ്ജനം കേൾക്കുന്നു. ഭയങ്കരനായ ഒരു സിംഹത്തിന്റെ ശബ്ദം തന്നെയാണതു. ഒരു നിമിഷംകൊണ്ടു അതു കഴുതയെ പിടിച്ചു കീറി തിന്നുകളഞ്ഞു. അപ്പോൾ ആ സഞ്ചാരി സഹിച്ചുകൂടാത്ത വേദനയോടെ "ഇനി ഞാൻ എന്തു ചെയ്യേണ്ടു. എന്റെ വിളക്കും പൂവൻകോഴിയും എനിക്കു വാഹനമായിരുന്ന ആ കഴുതയും പൊയ്പ്പോയല്ലോ. എല്ലാം

നഷ്ടം, നഷ്ടം തന്നെ. എന്നാലും ദൈവത്തിനു മഹത്വം കൊടുപ്പാനേ നിവൃത്തിയുള്ളൂ" എന്നു പറഞ്ഞുകൊണ്ട് അടങ്ങി. രാത്രി മുഴുവനും ദുഃഖനിമഗ്നനായി ആ കാട്ടിൽ കഴിച്ചുകൂട്ടിയ ശേഷം പ്രഭാതമായപ്പോൾ തനിക്കു വല്ല വാഹനവും ലഭിക്കുമോ എന്നറിവാൻ മേല്പുറത്തെ ഗ്രാമത്തിൽ ചെന്നു. അപ്പോൾ അവിടെ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. ഇതാ സകലരും കൊല്ലപ്പെട്ടും വീടുകൾ കൊള്ളയിടപ്പെട്ടും കിടക്കുന്നു. കാരണം കള്ളന്മാരും കൊള്ളക്കാരുമായ ഒരുകൂട്ടം ദുഷ്ടന്മാർ രാത്രി പ്രസ്തുതഗ്രാമത്തിൽ ചെന്ന് അവരെയെല്ലാം നിശ്ശേഷം സംഹരിച്ചുകളഞ്ഞു. ഈ കാഴ്ചയാൽ അക്കീബായുടെ ഹൃദയത്തിൽ ദൈവനടത്തിപ്പിനെക്കുറിച്ച് അത്യത്ഭുതവിചാരങ്ങളുണ്ടായി. വിചാരപാരവശ്യം തീർന്നശേഷം അവൻ ദൈവത്തെ വിളിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. "അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ! നീ ഞങ്ങൾക്കു ചെയ്യുന്ന കാരുണ്യമേറിയ പരിപാലനത്തെ അറിയാൻ കഴിയാതവണ്ണം ഞങ്ങൾ അത്ര അറിവുകെട്ടവരും അവിശ്വാസികളുമാകുന്നു. കഴിഞ്ഞ രാത്രികൊണ്ടു നിന്റെ മഹാകരുണയുടെ നടത്തിപ്പു ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. കഠിനമാനസന്മാരായ ഈ ഗ്രാമവാസികളിൽ നിന്ന് എന്നെ വേർപെടുത്തി കാട്ടിലാക്കാതിരുന്നെങ്കിൽ ഞാൻ അവരോടുകൂടെ കൊല്ലപ്പെട്ടുപോകുമായിരുന്നുവല്ലോ. കാററു വന്നു വിളക്കു കെടുത്താതിരുന്നെങ്കിൽ അതിന്റെ വെളിച്ചം കണ്ടു കൊള്ളക്കാർ എന്റെ അടുക്കൽ വന്ന് എന്നെ കൊല്ലുന്നതിന് ഇടയുണ്ടായിരുന്നുവല്ലോ. മാത്രമല്ല, പൂവൻകോഴിയും കഴുതയും നഷ്ടപ്പെട്ടതും അവ രണ്ടും ശബ്ദമുണ്ടാക്കി എന്നെ കൊള്ളക്കാർക്ക് ഇരയാക്കാതിരിപ്പാനായിരുന്നു. സർവശക്തനേ! എന്റെ രക്ഷയ്ക്കായി നീ ഇതെല്ലാം ചെയ്തുവെന്ന് ഇപ്പോൾ ഞാൻ അറിയുന്നു. നിനക്ക് എന്നെന്നേക്കും മഹിമയുണ്ടാകട്ടെ."

ഭക്തനേ! ദൈവത്തിന്റെ അത്ഭുതനടത്തിപ്പ് ഇതിൽ നീ കാണുന്നില്ലയോ? പിറുപിറുക്കാതെ വിഭാതം വരെ കാത്തിരിക്ക. അപ്പോൾ നീ ദൈവത്തിന്റെ വാത്സല്യകരുതൽ കണ്ട് അത്യാനന്ദപരവശനാകും.

നിന്റെ അന്ത്യത്തിനു വിശ്വാസച്ചിറകുണ്ടായിരിക്കണം. മതസംഗതിയുടെ വൈശിഷ്ട്യംകൊണ്ടു ഫലമില്ല.

* * *

പരിധിയിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്നതിനു മുമ്പു കേന്ദ്രത്തിൽ നമുക്കു നിർബാധമായ സ്ഥിതിയുണ്ടാകണം.

# അന്യാപദേശഃ.

രേ രേ കോകില! മാ ഭജ മൌനം
കിഞ്ചിദുദഞ്ചയ പഞ്ചമരാഗം
നോ ചേൽ ത്വാമിഹ കോ ജാനീതേ
കാകകദംബകപിഹിതേ ചൂതേ.

## അന്വയരീതിക്കുള്ള അൎത്ഥം.

രേ രേ കോകില = അല്ലയോ! കുയിലേ!
മൌനം മാ ഭജ = മൌനമായിരിക്കരുത്.
പഞ്ചമരാഗം = നിന്റെ മനോഹരമായ ശബ്ദം
കിഞ്ചിൽ = സ്വല്പം
ഉദഞ്ചയ = ഉയൎത്തിപ്പാടുക.
നോ ചേൽ = അല്ലെങ്കിൽ
ഇഹ = ഈ
കാകകദംബകപിഹിതേ = കാക്കക്കൂട്ടം നിറഞ്ഞിരിക്കുന്ന
ചൂതേ = തേന്മാവിൽ
കഃ = ആര്
ത്വാം = നിന്നെ
ജാനീതേ = അറിയും?

## ആത്മീയപാഠം.

മിശ്രസമൂഹങ്ങളിൽ കിടക്കുന്ന വിശ്വാസികൾ തങ്ങളുടെ ശബ്ദം ഉയൎത്തി തിരുവചനസത്യം വിളിച്ചുപറയാതിരുന്നാൽ മറ്റുള്ളവൎക്കു സാക്ഷിയായിരിപ്പാൻ കഴികയില്ല.